"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ നിര്യാതനായ സാബ്ജാ ഖാൻ.ഐ - യുടെ മകൻ ശ്രീ. മുഹമ്മദ് അമൽ സബ്ജ ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.9/2025/HOME തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി) നം. 12/99/ഉ.ഭ.പ.വ.
2. ശ്രീമതി സെമിന ഹസൻ സമർപ്പിച്ച 21/08/2017-ലെ ആശ്രിത നിയമന അപേക്ഷ.
3. 27/11/2023-ലെ കെ3/276/2018-ആഭ്യന്തരം നമ്പർ കത്ത്.
4. ശ്രീ മുഹമ്മദ് അമൽ സബ്ജ - യുടെ 19/04/2024 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
5. ശ്രീ മുഹമ്മദ് അമൽ സബ്ജ സമർപ്പിച്ച 19/04/2024 തീയതിയിലെ വിശദീകരണം.
6. സംസ്ഥാന പോലീസ് മേധാവിയുടെ 09/10/2024 ലെ എം4(എ)-165522/2022/പി.എച്ച്.ക്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പോലീസ് വകുപ്പിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 24/01/2017-ൽ നിര്യാതനായ സാബ്ജാഖാൻ.ഐ-യുടെ ഭാര്യ ശ്രീമതി സെമിന ഹസൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ എൽ.ഡി. ക്ലർക്ക് തസ്തികയിലേക്ക് പരാമർശം 1 പ്രകാരം ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുകയും, എന്നാൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച് ടിയാൾ പ്രസ്തുത അപേക്ഷ പിൻവലിക്കുകയും ടി അപേക്ഷ പരാമർശം 3 പ്രകാരം റദ്ദ് ചെയ്യുകയും ചെയ്തിരുന്നു.

2. തുടർന്ന് സാബ്ജാഖാൻ.ഐ-യുടെ മകൻ ശ്രീ.മുഹമ്മദ് അമൽ സബ്ജ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരാമർശം 6 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. തന്റെ മാതാവിന്റെ ആശ്രിത നിയമന അപേക്ഷ റദ്ദ് ചെയ്യുന്നതിന് താമസം നേരിട്ടതിനാലാണ് താൻ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്ന് പരാമർശം 5 പ്രകാരം അപേക്ഷകൻ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

3. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനർ ആണെങ്കിൽ,

പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാബ്ജഖാൻ.ഐ-യുടെ മരണ സമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ (ജനന തീയതി - 01/02/2000) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ 3 വർഷത്തേയും 2 മാസത്തേയും 19 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ മാതാവിന്റെ ആശ്രിത നിയമന അപേക്ഷ റദ്ദ് ചെയ്യുന്നതിന് താമസം നേരിട്ടതിനാലാണ് താൻ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതെന്നുള്ള ശ്രീ മുഹമ്മദ് അമൽ സബ്ജ-യുടെ വിശദീകരണം പരിഗണിച്ച്, പോലീസ് വകുപ്പിൽ സീനിയർ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 24/01/2017-ൽ നിര്യാതനായ സാബ്ജാ ഖാൻ.ഐ -യുടെ മകൻ ശ്രീ.മുഹമ്മദ് അമൽ സബ്ജ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് ആശ്രിത നിയമന അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 3 വർഷത്തേയും 2 മാസത്തേയും 19 ദിവസത്തേയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ മുഹമ്മദ് അമൽ സബ്ജ, ബിസ്മില്ല കോട്ടേജ്, തോന്നല്ലൂർ, പന്തളം പി ഒ, പത്തനംതിട്ട - 689501
പൊതുഭരണ (എസ്.സി വകുപ്പ്) 08/01/2025-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ ഇനം നം. 2601 പ്രകാരം)
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 10-01-2025 10:48:49

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. കെ3/133/2024/ആഭ്യന്തരം. ഇനം നം: 2601

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. മുഹമ്മദ് അമൽ സബ്ജ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**Government of Kerala**
**(Sri.Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | |
|---|---|
| 1. File Number | **K3/133/2024/ Home** |
| 2. Department | **Home (K) Department** |
| 3. Subject | **Condonation of delay in submitting application for Compassionate Employment Scheme by Sri Muhammed Amal Sabja - reg.** |
| 4. Date of Chief Minister's Order for placing before the Council | **15/11/2024** |
| 5. (i) Does the case involve financial commitment/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council. | **No**<br><br>**No** |
| 6. Are any other Departments concerned with the case, and if so, have they been consulted and their remarks incorporated in the Note for the Council. | **No** |
| 7. Name of Deputy Secretary who submitted the Draft Note | **Smt.Jayanthi B.S** |
| 8. Name of Additional Chief Secretary who approved the Draft Note | **Sri. Bishwanath Sinha** |
| 9. Date of approval of the Draft Note for the Council by the Additional Chief Secretary | **29.11.2024** |
| 10.Name of Chief Secretary who approved the Draft Note | **Smt. Sarada Muraleedharan** |
| 11.Date of approval of the Draft Note for the Council by the Chief Secretary. | **18.12.2024** |
| 12.Name of Minister who approved the Draft Note. | **Sri. Pinarayi Vijayan** |
| 13.Date of approval of the Draft Note for the Council by the Minister. | **21.12.2024** |
| 14.Date of submission of fair copies | 23.12.2024 |
| 15.Date of decision by the Council of Ministers | |
| 16.Number and date of the GovernmentOrder/Letter Communicating the decision. | |

## NOTE FOR COUNCIL OF MINISTERS

1) This note relates to the condonation of delay in submitting the application for employment assistance under the Compassionate Employment Scheme by Sri.Muhammed Amal Sabja.

2) Smt. Semina Hassan, wife of Sabjakhan.I, Senior Civil Police Officer, who passed away on 24/01/2017 while in service, initially submitted an application for getting employment assistance under Compassionate Employment Scheme as Lower Division Clerk in Pathanamthitta on 21/08/2017. Later, due to the delay in getting an appointment for the post of L.D. Clerk, the applicant requested to withdrew her application, and it was cancelled on 27/11/2023. Subsequently, Sri.Muhammed Amal Sabja, Bismillah Cottage, Thonnalloor, Pandalam, Adoor, Pathanamthitta, son of Sabjakhan.I, submitted an application for getting employment assistance under Compassionate Employment Scheme as Police Constable on 19/04/2024. In his representation dated 19/04/2024, Sri.Muhammed Amal Sabja has explained that the delay in submitting his application was only due to the delay occurred in withdrawal and cancellation of his mother's application for compassionate employment.

3) Para 19 of G.O(P)No.12/99/P&ARD dated 24.05.1999 envisages that, if the applicant is minor at the time of death of the employee, application under Compassionate Employment Scheme has to be submitted within 3 years after the applicant attains majority. However, the applicant, who was a minor at the time of

Sabjakhan.I's death, submitted the application for the post of Police Constable with a delay of 3 years, 2 months, and 19 days.

4) At present, there is no provision for the condonation of delay in submitting an application for a change of post. Moreover, Circular No. Adv C.2/88/2022/P&ARD dated 07.04.2022 has been stating that applications with a delay of more than two years should not be placed before the Cabinet without a valid reason. However, considering that the delay was occurred due to the delay in withdrawal and cancellation of the application for Compassionate Employment Scheme by the applicant's mother, the file was circulated to the Hon'ble Chief Minister through the Chief Secretary for orders, whether the delay of 3 years, 2 months, and 19 days in submitting the application for CES by Sri.Muhammed Amal Sabja for the post of Police Constable may be condoned. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

5) There is no financial commitment in allowing condonation of delay for submitting application for change of post.

## POINT FOR DECISION

Whether the delay of 3 years, 2 months, and 19 days in submitting the application for getting employment assistance under Compassionate Employment Scheme as Police Constable by Sri. Muhammed Amal Sabja, son of the late Sabjakhan.I, Senior Civil Police Officer, who passed away on 24/01/2017 while in service, may be condoned?